# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം– 686560

ഫോൺ:0481–2733512


## വാർത്താക്കുറിപ്പ്

**2023 മെയ് 2**

---

## ആനിമൽ അറ്റൻഡർ: വാക് ഇൻ ഇന്റർവ്യൂ പത്തിന്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ബയോ സയൻസസിന്റെ ആനിമൽ ഹൗസിൽ ആനിമൽ അറ്റൻഡർ തസ്തികയിലെ ഒരൊഴിവിൽ താത്കാലിക നിയമനത്തിനുള്ള വാക് ഇൻ ഇന്റർവ്യൂ മെയ് പത്തിന് നടത്തും. 179 ദിവസത്തേക്ക് പ്രതിദിനം 560 രൂപ വേതനത്തിലാണ് നിയമനം.

പത്താം ക്ലാസ് യോഗ്യതയും ലോബോറട്ടറി ആനിമൽ പരിചരണവുമായി ബന്ധപ്പെട്ട് രണ്ടു വർഷത്തെ പ്രവൃത്തിപരിചയവുമുള്ളവർക്ക് പങ്കെടുക്കാം. ഇതേ വിഷയത്തിൽ ഏതെങ്കിലും സർവകലാശാലയിലെയോ സർക്കാർ സ്ഥാപനത്തിയോ ട്രെയിനിംഗ് വിജകരമായി പൂർത്തീകരിച്ചവർക്ക് മുൻഗണന ലഭിക്കും.

പ്രായപരിധി 2023 ജനുവരി ഒന്നിന് 18നും 56നും ഇടയിൽ. താത്പര്യമുള്ളവർ ബയോഡേറ്റയും സർട്ടിഫിക്കറ്റുകളുടെ അസ്സലും സഹിതം മെയ് പത്തിന് രാവിലെ 11ന് അസിസ്റ്റന്റ് രജിസ്ട്രാറുടെ (ഭരണവിഭാഗം 1) ഓഫീസിൽ ഹാജരാകണം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ(www.mgu.ac.in) ലഭിക്കും. ഫോൺ: 6282079925

(പി.ആർ.ഒ/39/468/2023)

## അവാർഡ്; എൻ.സി.സി യൂണിറ്റുകൾക്ക് അപേക്ഷിക്കാം

അഫിലിയേറ്റഡ് കോളജുകളിലെ മികച്ച എൻ.സി.സി യൂണിറ്റിന് മഹാത്മാ ഗാന്ധി സർവകലാശാല ഏർപ്പെടുത്തിയ ജനറൽ ബിപിൻ റാവത്ത് അവാർഡിന് അപേക്ഷ ക്ഷണിച്ചു.

2021-22 വർഷത്തെ പ്രവർത്തനങ്ങളുടെ വിശദമായ റിപ്പോർട്ട് സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ, ഫോട്ടോകൾ എന്നിവ ഉൾപ്പെടുന്ന അപേക്ഷ മെയ് പത്തിനു മുൻപ് സർവകലാശാലാ രജിസ്ട്രാറുടെ ഓഫീസിൽ ലഭിക്കണം.

(പി.ആർ.ഒ/39/469/2023)

## പരീക്ഷാ കേന്ദ്രം മാറ്റി

ഞീഴൂർ, വിശ്വഭാരതി എസ്.എൻ ആർട്സ് ആൻഡ് സയൻസ് കോളജിൻറെ പ്രവർത്തനം നിർത്തിയതായി അറിയിച്ചതിനാൽ ഈ കേന്ദ്രത്തിൽ സി.ബി.സി.എസ്, സി.ബി.സി.എസ്.എസ് സപ്ലിമെൻററി പരീക്ഷ ഏഴുതേണ്ടിയിരുന്ന വിദ്യാർഥികൾക്ക് കീഴൂർ, ദേവസ്വം ബോർഡ് കോളജ് പരീക്ഷാ കേന്ദ്രമായി അനുവദിച്ച് വൈസ് ചാൻസസലർ ഉത്തരവിട്ടു.

(പി.ആർ.ഒ/39/470/2023)

## പ്രാക്ടിക്കൽ

ആറാം സെമസ്റ്റർ ബി.വോക് ഡിഗ്രി ബിസിനസ് അക്കൗണ്ടിംഗ് ആൻറ് ടാക്സേഷൻ, അപ്ലൈഡ് അക്കൗണ്ടിംഗ് ആൻറ് ടാക്സേഷൻ(2020 അഡ്മിഷൻ റെഗുലർ – പുതിയ സ്കീം – ഏപ്രിൽ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ അതത് കേന്ദ്രങ്ങളിൽ മെയ് അഞ്ചു മുതൽ പത്തുവരെ നടക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/471/2023)

## പരീക്ഷാ ഫലം

2022 സെപ്റ്റംബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എ (ഹ്യൂമൻ റിസോഴ്സ് മാനേജ്മെൻറ്) (2021 അഡ്മിഷൻ റഗുലർ), മാസ്റ്റർ ഓഫ് ഹ്യൂമൻ റിസോഴ്സ് മാനേജ്മെൻറ് (2020 അഡ്മിഷൻ സപ്ലിമെൻററി, ഇംപ്രൂവ്മെൻറ്, 2018, 2019 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് മെയ് 15 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ/39/472/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**